"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ വികസന വകുപ്പ്- വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship ) ധനസഹായം - ഭരണാനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടിക ജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.140/2025/SCSTD തീയതി, തിരുവനന്തപുരം, 21-02-2025

പരാമർശം:-
1. സ.ഉ(സാധാ)നം.286/2024/SCSTDD തീയതി 17.5.2024
2. സ.ഉ(സാധാ)നം.9099/2024/Fin തീയതി 07.12.2024
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 15.2.2025ലെ SCDD/5097/2024-A1(FIN A) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം 2225-01-277-57-12-(PV) ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 133.90 കോടി രൂപയിൽ വിദേശ പഠന സ്കോളർപ്പിനായി (Overseas Scholarship ) 38,00,00,000/- (മുപ്പത്തിയെട്ട് കോടി രൂപ മാത്രം ) രൂപക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.പ്രസ്തുത തുക പൂർണമായും വിനിയോഗിക്കുകയും വകുപ്പിൽ നിന്ന് സ്കോളർഷിപ്പ് അംഗീകാരം ലഭിച്ച വിദ്യാർത്ഥികൾക്ക് രണ്ടാമത്തെയും മൂന്നാമത്തെയും ഗഡു അടയ്ക്കാൻ 10 കോടി രൂപ ആവശ്യമായ സാഹചര്യത്തിൽ പരാമർശം (2) പ്രകാരം Rs. 10,00,00,000/- (പത്ത് കോടി രൂപ മാത്രം) രൂപ ധനപുനർവിനിയോഗം(re-appropriation) മുഖേന അനുവദിച്ചിരുന്നു . ആയത് കൂടി ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് പുതുക്കി നല്കണമെന്ന് പരാമർശം (3) പ്രകാരം പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. ഓവർസീസ് സ്കോളർഷിപ്പിന്റെ ചെലവ് ഭരണാനുമതി ലഭിച്ച തുകയേക്കാൾ അധികരിച്ചതിനാൽ ചെലവിന് അനുസൃതമായി ഭരണാനുമതി പുതുക്കേണ്ടതുണ്ട് .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവിൽ വിദേശ പഠന സ്കോളർഷിപ്പിനായി (Overseas Scholarship ) 38,00,00,000/- (മുപ്പത്തിയെട്ട് കോടി രൂപ മാത്രം ) രൂപ 2225-01-277-57-12-(PV) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നത് പുതുക്കി 48,00,00,000/- (നാല്പത്തിയെട്ട് കോടി രൂപ മാത്രം ) രൂപയ്ക്ക് ഭരണാനുമതി നൽകി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

3. പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHANAVAS KHAN E
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം

ചീഫ് , വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ്,

തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide WW-WW3/169/2024-FIN)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 21-02-2025 16:37:09
സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പ് മന്ത്രി യുടെ
പി. എസ്. ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്